**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 336. 09.03.2015 ൽ മറുപടിയ്ക്ക്.

## രാമചന്ദ്രൻ കമ്മീഷൻ ശുപാർശ

| ചോദ്യം<br>ശ്രീ.കെ.രാജു. | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധനവ് നടപ്പിലാക്കുന്നതിന് രാമചന്ദ്രൻ കമ്മീഷൻ നൽകിയ ശുപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഡീസൽ വില ഇടിഞ്ഞ സാഹചര്യത്തിൽ യാത്രാ - ചരക്ക് കൂലികൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പരിഗണനയിൽ ഉണ്ടോ ; കടത്ത് കൂലി കുറയ്ക്കുന്ന സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വൻ കുറവ് ഉണ്ടാകുന്ന സാഹചര്യം കൂടി പരിഗണിച്ച് യാത്രാ - ചരക്ക് കൂലി കുറയ്ക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ? | (ബി) | ഡീസൽ വില കുറഞ്ഞ സാഹചര്യത്തിൽ യാത്രാക്കൂലി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിന്മേൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചു വരികയാണ്. 20.05.2014 മുതൽ സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകളിലെ യാത്രാ നിരക്കിലെ വർദ്ധനവ് നടപ്പിൽ വരുത്തിയതിനു ശേഷം ഡീസൽ നിരക്കിൽ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും, ടയർ, സ്പെയർ പാർട്സ്, മറ്റ് അനുബന്ധ സാമഗ്രികളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ ശമ്പളത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആകയാൽ ഡീസൽ വിലയിലുണ്ടാകുന്ന വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം യാത്രാ നിരക്കിൽ മാറ്റം വരുത്തുന്നത് അനുപേക്ഷണീയമല്ല. ചരക്ക് കൂലി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്